**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1723** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഹരിതം ഹരിപ്പാട് പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ രമേശ് ചെന്നിത്തല</td><td colspan="2">ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഹരിപ്പാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന ഹരിതം ഹരിപ്പാട് പദ്ധതിയുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ;</td><td>(എ)</td><td>ഹരിതം ഹരിപ്പാട് പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിപ്പാട് മുനിസിപ്പാലിറ്റി, ചെറുതന പഞ്ചായത്ത് എന്നിവിടങ്ങളിലെ വിവിധ പാടശേഖരങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചു. പള്ളിപ്പാട്, കരുവാറ്റ പഞ്ചായത്തുകളിലെ പാടശേഖരങ്ങളിലെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഇതിന്റെ ഭാഗമായി എന്തെല്ലാം ഭൗതികനേട്ടങ്ങളും സൗകര്യങ്ങളുമാണ് കൈവരിക്കാൻ സാധിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;</td><td>(ബി)</td><td>ഹരിപ്പാട് മുനിസിപ്പാലിറ്റി, ചെറുതന പഞ്ചായത്ത് എന്നിവിടങ്ങളിലെ പാടശേഖരങ്ങളിലെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കൈവരിച്ച ഭൗതിക നേട്ടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><td>തോടിന്റെ ആഴംകൂട്ടൽ</td><td>17423 m</td></tr>
<tr><td>പാർശ്വഭിത്തി നിർമാണം</td><td>1697.25 m</td></tr>
<tr><td>എഞ്ചിൻ ഷെഡ്</td><td>18 No.</td></tr>
<tr><td>റാമ്പ്</td><td>25 No.</td></tr>
<tr><td>കാട് വെട്ടിത്തെളിക്കൽ</td><td>75000 $m^2$</td></tr>
<tr><td>25 HP Motor with Petti Para</td><td>8 Nos.</td></tr>
<tr><td>15 HP വെർട്ടിക്കൽ പമ്പ്</td><td>1 No.</td></tr>
<tr><td>25 HP മോട്ടോർ</td><td>2 Nos.</td></tr>
<tr><td>പമ്പ് സെറ്റ്</td><td>1 No.</td></tr>
</table></td></tr>
<tr><td>(സി)</td><td>പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായുള്ള പ്രോജക്ട് രൂപീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?</td><td>(സി)</td><td>ഇല്ല. പരിശോധിക്കുന്നതാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ